**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5063** **14-03-2023 - ൽ മറുപടിയ്ക്ക്**

**പ്രീ പ്രൈമറി സ്കൂൾ വിദ്യാഭ്യാസത്തിന് ഏകീകൃത മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാഭ്യാസ പ്രവേശന പ്രായം ആറ് വയസ്സാക്കണമെന്ന ദേശീയ വിദ്യാഭ്യാസ നയം അനുസരിച്ചുള്ള കേന്ദ്ര സർക്കാർ നിർദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കേരളത്തിലെ പ്രീ സ്കൂൾ വിദ്യാഭ്യാസം വിപുലമാണെങ്കിലും അതിന് ഒരു ഏകീകൃത സ്വഭാവം ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പ്, വനിതാ ശിശുവികസന വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വകാര്യ വ്യക്തികൾ, വിവിധ സംഘടനകൾ എന്നിവരുടെ നേതൃത്വത്തിലാണ് പ്രീ-സ്കൂൾ വിദ്യാഭ്യാസം നടന്നുവരുന്നത്. പ്രീ-സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഏകീകരണത്തിനും വിവിധ വകുപ്പുകളുടെ ഏകോപന ത്തിനുമായി വിവിധ ശ്രമങ്ങൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നടന്നിട്ടുണ്ട്. പ്രീ-സ്കൂൾ ഏകീകരണ പാഠ്യപദ്ധതി(2014) എസ്.സി.ഇ.ആർ.റ്റി പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2017-ൽ എസ്.സി.ഇ.ആർ.റ്റി നാഷണൽ കൺസൽറ്റേറ്റീവ് വർക്ക്ഷോപ്പ് സംഘടി പ്പിക്കുകയും തുടർ പ്രവർത്തനങ്ങൾക്കായി ശിപാർശ അടങ്ങിയ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രീ-പ്രൈമറിയിലെ നയരൂപീകരണത്തിനായി സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഡയറക്ടറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | പ്രീ സ്കൂൾ ഘട്ടം അഞ്ച് വയസ്സിൽ പൂർത്തിയാക്കി കുട്ടികൾ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടുന്ന കേരളത്തിലെ നിലവിലെ അവസ്ഥ കേന്ദ്ര നിർദേശത്തിന്റെ അടിസ്ഥാനത്തിൽ മാറ്റം വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (സി) | 2020-ലെ ദേശീയ വിദ്യാഭ്യാസ നയം കേരളത്തിൽ നടപ്പിലാക്കുന്ന മുറയ്ക്ക് പ്രീ-സ്കൂൾ അഞ്ച് വയസ്സിൽ പൂർത്തിയാക്കി കുട്ടികൾ ഒന്നാംക്ലാസിൽ പ്രവേശിക്കുന്ന നിലവിലെ അവസ്ഥ മാറ്റം വരുത്തുന്ന വിഷയം പരിശോധിക്കുന്നതാണ്. |
| (ഡി) | സംസ്ഥാനത്തെ പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന് പാഠപുസ്തകം, അധ്യാപക യോഗ്യത, നിയമനം, പഠന | (ഡി) | 2014-ൽ തയ്യാറാക്കിയ പ്രീസ്കൂൾ പാഠ്യപദ്ധതിയുടെ അടിസ്ഥാനത്തിൽ അദ്ധ്യാപക സഹായിയായ |

| | | | |
|---|---|---|---|
| | കാലാവധി എന്നിവയിൽ കൃത്യമായ മാനദണ്ഡം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | കളിപ്പാട്ടം, കുട്ടികൾക്കുള്ള പ്രവർത്തന പുസ്തകമായ കളിത്തോണി എന്നിവ എസ്.സി.ഇ.ആർ.റ്റി-യുടെ നേതൃത്വത്തിൽ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ അധ്യാപകർക്കും ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും പരിശീലനവും നൽകിയിട്ടുണ്ട്.<br><br>2001 വരെ പ്രീ-പ്രൈമറി അദ്ധ്യാപകർ ആകുന്നതിനുള്ള യോഗ്യത എസ്.എസ്.എൽ.സിയും ഒരു വർഷത്തെ സർക്കാർ അംഗീകൃത പി.പി.റ്റി.ഐ-യിൽ നിന്നുള്ള വിജയകരമായ പരിശീലനം, സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ശിശുക്ഷേമ സമിതികൾ നടത്തുന്ന ഒരു വർഷത്തെ ബാലസേവികാ ട്രെയിനിംഗ് കോഴ്സ്/ചൈൽഡ് കെയർ വർക്കേഴ്സ് പ്രോഗ്രാം (2012-13 വരെ) അധ്യാപക യോഗ്യതയായി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. 2004- ന് ശേഷം പ്ലസ് ടു/പ്രീ-ഡിഗ്രിയും രണ്ട് വർഷ നഴ്സറി ടീച്ചർ എഡ്യൂക്കേഷൻ കോഴ്സ്, 2013-14 മുതൽ സാമൂഹ്യ നീതി വകുപ്പിന്റെ 2 വർഷത്തെ ചൈൽഡ് കെയർ വർക്കേഴ്സ് പ്രോഗ്രാമും യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്.<br><br>സർക്കാർ പ്രീ-പ്രൈമറികളിൽ പി.എസ്.സി. വഴി നിയമനം നടക്കുന്നു. കൂടാതെ പി.ടി.എ-കളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി സ്കൂളുകളിൽ മേൽ പറഞ്ഞ യോഗ്യതയുള്ളവരെ പി.ടി.എ-യുടെ നിയന്ത്രണത്തിൽ താത്ക്കാലികമായി നിയമിക്കുന്നു. നിലവിൽ സംസ്ഥാനത്ത് 5 വയസ്സ് ഒന്നാം ക്ലാസ് പ്രവേശന പ്രായം ആയി നിശ്ചയിച്ചിട്ടുള്ളതിനാൽ 3 വയസ്സ്, 4 വയസ്സ് എന്നിങ്ങനെ രണ്ട് പ്രായ ഗ്രൂപ്പുകളായി പ്രീ-സ്കൂൾ വിദ്യാഭ്യാസം കേരളത്തിൽ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ